KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ചന്ദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ - 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg

തിയ്യതി : 30.03.2022

സർക്കുലർ നമ്പർ 33/2022 (BD)

വിഷയം : ജനമിത്രം സ്വർണ്ണപ്പണയ വായ്പ – CASBA യിൽ മാറ്റങ്ങൾ – സംബന്ധിച്ച്.

സൂചന : സർക്കുലർ നമ്പർ 32/2020(BD) തിയ്യതി 29.05.2020

** ** **

CASBA യിൽ ജനമിത്രം സ്വർണ്ണപ്പണയവായ്പ നൽകുമ്പോൾ ഗോൾഡിന്റെ സ്റ്റോക്ക് രജിസ്റ്റർ, അപ്രൈസർ ഫീ ഈടാക്കൽ, 2 ലക്ഷത്തിന് താഴെ വരുന്ന തുകകൾ പണമായി നൽകൽ എന്നീ മേഖലകളിൽ ചില സാങ്കേതിക വിഷമതകൾ ശാഖകളിൽ അനുഭവിച്ചിരുന്നു. അത് പരിഹരിക്കുന്നതിനായി **01.04.2022** മുതൽ ജനമിത്രം സ്വർണ്ണപ്പണയവായ്പാ നൽകുമ്പോൾ CASBA യിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയിരിക്കുന്നു.

ജനമിത്രം സ്വർണ്ണപ്പണയ വായ്പ–മാറ്റങ്ങൾ

Loan Disbursement /Appraiser Fee Collection

01.04.2022 മുതൽ നൽകുന്ന ജനമിത്രം വായ്പകളിൽ 2 ലക്ഷത്തിന് താഴെ വരുന്ന തുകകൾ കാസ്ബയിലൂടെ സാധാരണ സ്വർണ്ണപ്പണയ വായ്പയെപ്പോലെ പണമായി നൽകാവുന്നതാണ്.

മേൽ തിയ്യതി മുതൽ നൽകുന്ന വായ്പകളിൽ "Ornament Security" അറ്റാച്ച് ചെയ്യുമ്പോൾ Appraiser select ചെയ്ത **"waive" ചെയ്യാതെ** cash collection (11) Screen വഴി Appraiser fee collect ചെയ്യാവുന്നതാണ്. അതുവഴി മാസാവസാനത്തെ Appraiser payment ഉം TDS calculation ഉം System വഴി തന്നെ നടക്കുന്നതാണ്.

Accounting

01.04.2022 മുതൽ നൽകുന്ന ജനമിത്രം സ്വർണ്ണപ്പണയ വായ്പയുടെയും അതിന്റെ തിരിച്ചടവിന്റെയും അക്കൗണ്ടിങ്ങ് വേറിട്ട് Janamithram GL-Advance (3090), Interest on Janamithram GL (0343), Penal interest on Janamithram GL (0344), Janamithram GL –Suspense (3092), NPA Janamitram GL (3091) എന്നീ അക്കൗണ്ട് ഹെഡുകളിൽ നടക്കുന്നതാണ്. 01.04.2022 മുതൽ separate Statements ഉം General ledger ഉം കാസ്ബയിൽ നിന്നു തന്നെ generate ചെയ്യാവുന്നതാണ്.

Confidential

Gold Stock Register

01.04.2022 മുതൽ, നിലവിലുള്ള Gold loan stock Register reports ൽ ജനമിത്രം സ്വർണ്ണ പണയ വായ്പയുടെ ornament stockഉം ഉൾപ്പെടുന്നതാണ്.

01.04.2022 മുതൽ നൽകുന്ന ജനമിത്രം സ്വർണ്ണപ്പണയ വായ്പകൾ ക്ലോസ്സ് ചെയ്യുമ്പോൾ സാധാരണ സ്വർണ്ണപ്പണയ വായ്പകളിൽ ചെയ്യുന്നതു പോലെ Gold loan closure screen വഴി Security release ചെയ്താൽ മാത്രമേ Stock Register ൽ Redemption പ്രതിഫലിക്കുകയുള്ളൂ.

ജനമിത്രം സ്വർണ്ണപ്പണയ വായ്പ മുൻകൂട്ടി പണം അടച്ച് തീർപ്പാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജനമിത്രം സ്വർണ്ണപ്പണയ വായ്പ Yearly Diminishing രീതി പ്രകാരം തുടരുന്നതാണ്. ഈ വായ്പയുടെ കാലാവധി ഒരു വർഷമായി നിജപ്പെടുത്തിയിരിക്കുന്നതിനാൽ മുൻകൂട്ടി തീർപ്പാക്കുന്നത് പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഒരു വർഷത്തിനുള്ളിൽ ഇടപാടുകാരൻ മുൻകൂട്ടി പണം അടച്ച് വായ്പ തീർപ്പാക്കുവാൻ ആവശ്യപ്പെടുന്നപക്ഷം, ആവശ്യമായി വരുന്ന തുക ഇടപാടുകാരനെ ബോധ്യപെടുത്തിയതിന് ശേഷം, അപേക്ഷ സ്വീകരിച്ച് വായ്പ തീർക്കാവുന്നതാണ്.

(ഇടപാടുകാരൻ തുക അടയ്ക്കുന്നതിനു മുമ്പേ Yearly /Monthly Diminishing വായ്പകളുടെ Premature Closure തുകയെ കുറിച്ചുള്ള സംശയദൂരീകരണത്തിനായി downloads ൽ ലഭ്യമായിട്ടുള്ള UTILITY പ്രയോജനപ്പെടുത്തുക).

ഈ സർക്കുലർ പ്രകാരമുള്ള മാറ്റങ്ങൾ 01.04.2022 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി

സുബ്രഹ്മണ്യൻ വി.പി.
മാനേജിംഗ് ഡയറക്ടർ

To:**എല്ലാ ശാഖാ തലവൻമാർക്കും**
പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ

Confidential